ഉത്തരം

(എ) ഈറ്റ ക്രമമായി വിതരണം ചെയ്യാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി, സി) ഓരോ പ്രാവശ്യവും കാടുകളിൽ നിന്നും ശേഖരിക്കുന്ന ഈറ്റ വ്യത്യസ്ത ഗുണനിലവാരം ഉള്ളതായിരിക്കും. ഗുണനിലവാരം നോക്കിയാണ് വില നിശ്ചയിക്കുന്നത്. ഗുണനിലവാരം കുറഞ്ഞ ഈറ്റ കുറഞ്ഞ വിലയ്ക്കാണ് വിതരണം ചെയ്യുന്നത്. ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി, ഇ) ഡിപ്പോകളിൽ പനമ്പ് അളന്ന് എടുത്തിടുന്ന ജോലി ചെയ്യുന്നവർക്ക് പീസ് റേറ്റ് അടിസ്ഥാനത്തിലാണ് കൂലി നൽകുന്നത്. മൂന്നു രൂപയിലും കുറവാണ് ഒരു ദിവസം കൂലി എങ്കിൽ മൂന്നു രൂപ കൊടുക്കുകയാണ് പതിവ്. സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശമില്ല. കൂലി വർദ്ധനയെപ്പറ്റി ചർച്ചകൾ നടക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഡിപ്പോ തൊഴിലാളികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് ദിവസക്കൂലി മൂന്നു രൂപയായി നിശ്ചയിച്ചത്.

(എഫ്, ജി) മറ്റു സ്ഥാപനങ്ങളിലേയും ബാംബൂ കോർപ്പറേഷനിലെയും ജോലികളുടെ സ്വഭാവത്തിന് വ്യത്യാസമുണ്ടെങ്കിൽ കൂടി ഇക്കാര്യം പരിശോധിക്കാവുന്നതാണ്. പീസ് റേറ്റ് കൂലി നൽകുന്നതിനാൽ ദിവസക്കൂലി 10 രൂപയാക്കി ഉയർത്താൻ ഇപ്പോൾ പ്രയാസമാണ്.

ബാംബൂ കോർപ്പറേഷനിലെ നിയമനം

682 [667] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ഹരിജൻ–ഗിരിജൻ വിഭാഗത്തിൽ പെട്ടവർക്കുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി ക്ഷണിച്ച അപേക്ഷകൾപ്രകാരം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ നിയമനം യഥാസമയം നടത്താൻ നിർദ്ദേശം നൽകുമോ;

(സി) ഈറ്റത്തൊഴിൽ കുലത്തൊഴിലായിട്ടുള്ള സാംബവർക്ക് കൂടുതൽ പ്രാതിനിധ്യം നൽകുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അപേക്ഷകൾ കോർപ്പറേഷൻ പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ബി, സി) നൽകാം.

പൂട്ടിക്കിടക്കുന്ന ചങ്ങനാശ്ശേരി റബ്ബർ വർക്സിന്റെ പ്രവർത്തനം

683 [670] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി പൂട്ടിക്കിടക്കുന്ന ചങ്ങനാശ്ശേരി റബ്ബർ വർക്സ് തുറന്ന് പ്രവർത്തിക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly